മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന ഡോക്ടർമാരുടെ വിവിധ തസ്തികയിലുള്ള ശമ്പള നിരക്ക് അനുബന്ധമായി ചേർക്കുന്നു. *

(ബി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചകർമ്മ ആശുപത്രികൾ

73 (4950) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എവിടെയൊക്കെയാണ് പഞ്ചകർമ്മ ആശുപത്രികൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത് ; മലബാർ മേഖലയിൽ എവിടെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പരിയാരം ആയുർവേദ കോളേജിൽ പഞ്ചകർമ്മ ആശുപത്രി അനുവദിക്കുന്നതിന് നടപടി ആരംഭിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരത്തും (പൂജപ്പുരയിൽ) ആലപ്പുഴയിലുമാണ് സർക്കാർ മേഖലയിൽ പഞ്ചകർമ്മ ആശുപത്രികൾ പ്രവർത്തിക്കുന്നത്. മലബാർ മേഖലയിൽ പഞ്ചകർമ്മ ആശുപത്രികൾ പ്രവർത്തിക്കുന്നില്ല.

(ബി) പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ പഞ്ചകർമ്മ ആശുപത്രി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

യുനാനി ഡിസ്പെൻസറി

74 (4951) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ താലൂക്ക് ആസ്ഥാനങ്ങളിൽ ഗവൺമെന്റ് യൂനാനി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

താലൂക്ക് ആസ്ഥാനങ്ങളിൽ ഗവൺമെന്റ് യുനാനി ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഹോമിയോ ചികിത്സാ പ്രോത്സാഹനത്തിനായി പദ്ധതികൾ

75 (4953) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഹോമിയോ ഡിസ്പെൻസറിയിലെ മരുന്ന് ദൗർലഭ്യം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വർഷം ഹോമിയോപ്പതി വകുപ്പിന് വിവിധ വികസന പദ്ധതികൾക്കായി 1007 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ ആയുഷിന്റേയും സംസ്ഥാന സർക്കാരിന്റേയും ഉഭയപങ്കാളിത്തത്തോടെ 545.68 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഹോമിയോ ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ഗ്രാമീണ മേഖലയിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുക.

2. സ്ത്രീകളുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹോമിയോപ്പതി ചികിത്സയും കൗൺസിലിഗും സമന്വയിപ്പിച്ച് സീതാലയം എന്ന പേരിൽ വനിതാ ആരോഗ്യ പരിപാലന പദ്ധതി ആരംഭിക്കുക.

3. നിലവിൽ മതിയായ ഭൗതീക സാഹചര്യങ്ങൾ ഇല്ലാത്ത ആശുപത്രികളുടെ നവീകരണത്തിനായി അനുവദിച്ച 4 കോടി രൂപ വിനിയോഗിക്കൽ.

4. ആശുപത്രികളിൽ ക്ലിനിക്കൽ ലാബ്, അൾട്രാസൗണ്ട് സ്കാനിംഗ് യൂണിറ്റ്, സെമി ആട്ടോ അനലൈസർ, ഓട്ടോ-ക്ലേവ്, ഇ.സി.ജി. തുടങ്ങിയവ സ്ഥാപിച്ച് ആധുനികവത്ക്കരിക്കുക.

5. ഓരോ ജില്ലയിലേയും തെരഞ്ഞെടുത്ത 2 സ്കൂളുകളിൽ വീതം കുട്ടികളുടെ മാനസിക ബൗദ്ധിക നിലവാരം ഉയർത്തുന്നതിന് സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടപ്പാക്കുക.

6. പകർച്ച വ്യാധികൾ പ്രതിരോധിക്കുന്നതിനുള്ള റാപ്പിഡ് ആക്ഷൻ എപ്പിഡമിക് കൺട്രോൾസെൽ (RAECH)-ന് നൽകിയ 13 ലക്ഷം രൂപ വിനിയോഗിക്കുക.

(ബി)

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. രാമന്തളി
6. എരഞ്ഞോളി

LIBRARY ARCHIVES Kerala Legislative Assembly

7. കാങ്കോൽ, ആലപ്പടമ്പ
8. കരിവെള്ളൂർ - പേരളം
9. കടമ്പൂർ
10. മുഴപ്പിലങ്ങാട്
11. ചെമ്പിലോട്
12. പെരളശ്ശേരി
13. കതിരൂർ
14. കോട്ടയം
15. പിണറായി
16. പെരിങ്ങളം
17. പെരിങ്ങോം വയക്കര
18. ചെറുകുന്ന്
19. കല്ല്യാശ്ശേരി
20. പാപ്പിനിശ്ശേരി
21. മയ്യിൽ
22. പടിയൂർ
23. ഉളിയ്ക്കൽ
24. ചിറയ്ക്കൽ
25. പൂഴാതി
26. വളപട്ടണം
27. ചെങ്ങളായി
28. പരിയാരം
29. നാറാത്ത്
30. ചക്കാരപറമ്പ്
31. നടുവിൽ
32. ആലക്കോട്
33. ഇരിക്കൂർ
34. മലപ്പട്ടം
35. കോളച്ചേരി
36. കുറ്റ്യാട്ടൂർ

LIBRARY ARCHIVES Kerala Legislative Assembly

37. എടയ്ക്കാട്

38. പന്യനൂർ

39. തൃപ്രങ്ങോട്ടൂർ

40. ചിറ്റാരിപ്പറമ്പ്

41. മങ്ങാട്ടിടം

42. പാട്യം

43. വെങ്ങാട്

44. തില്ലങ്കേരി

45. കീഴൂർ - ചാവശ്ശേരി

46. കണിച്ചാർ

47. കോളയാട്

48. പട്ടുവം

49. കോളച്ചേരി

50. മുന്തേരി

51. പാനൂർ

മുകളിൽ സൂചിപ്പിച്ചവയിൽ കടമ്പൂർ പെരിങ്ങളം പൂഴാതി, ഉളിക്കൽ കോളഞ്ചേരി, തൃപ്രങ്ങോട്ടൂർ, കണിച്ചാർ, പട്ടുവം, കോളച്ചേരി, മുന്തേരി, പാനൂർ എന്നീ 11 പഞ്ചായത്തുകൾ ഒഴികെ ബാക്കിയുള്ള 40 പഞ്ചായത്തുകളിലും NRHM മുഖേന സ്ഥാപിച്ചിട്ടുള്ള താത്ക്കാലിക ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പുതിയ ഡിസ്പെൻസറികൾ അനുവദിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) ഹോമിയോപ്പതി ഡിസ്പെൻസറികളിലും ആശുപത്രികളിലും ഇപ്പോൾ ആവശ്യത്തിനുള്ള മരുന്നുകൾ സ്റ്റോക്കുണ്ട്.

മാലിന്യ സംസ്കരണ പ്ലാന്റ്

76 (4954) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലിനീകരണ നിയന്ത്രണ ബോർഡും ആലപ്പുഴ ജില്ല കളക്ടർ ചെയർമാനായ 'അക്സെപ്റ്റ്' സൊസൈറ്റിയും ചേർന്ന് അരൂരിലെ ചന്തിരൂരിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പൊതുമാലിന്യ സംസ്കരണ പ്ലാന്റിന് കേന്ദ്ര സർക്കാരിന്റെ ഐ.ഐ.യു.എസ്. (ഇൻഡസ്ട്രിയൽ ഇൻഫ്രാ സ്ട്രക്ചർ അപ്ഗ്രഡേഷൻ

LIBRARY ARCHIVES Kerala Legislative Assembly